# മൂശാരിയേട്ട് കുടുംബചരിത്രം

2015

MOOSARIET KUDUMBA CHARITHRAM
(Malayalam)

(History of Moosariet Family)


Published by : Moosariet Kudumbayogam

Cheif Editor : Dr. Babu Joseph Kizhakkethottiyil IRS Retd.

Ist Edition : 1995

2nd Edition (Revised) : 2015

Layout & Printed at : St. Thomas Press, Pala

# ഉള്ളടക്കം


ആമുഖം (ഒന്നാം പതിപ്പ്) -

ആമുഖം (രണ്ടാം പതിപ്പ്)

മൂശാരിയേട്ട് കുടുംബചരിത്രം ഒന്നാം ഭാഗം -

മൂശാരിയേട്ടു ശാഖ -

എളൂക്കാലാ ശാഖ -

വലിയപറമ്പിൽ ശാഖ -

കിഴക്കേത്തൊട്ടിയിൽ ശാഖ -


മുതുകാട്ടിൽ ശാഖ -

മൂശാരിയേട്ടു കുടുംബയോഗം നിയമാവലി -

കടപ്പൂരുപള്ളിയും മൂശാരിയേട്ടുകുടുംബവും -

കടപ്പൂരിന്റെ നാൾ വഴികളിലൂടെ -


# ഞങ്ങളുടെ മാർഗ്ഗദർശി



## ഫാ. സെബാസ്റ്റ്യൻ മൂശാരിയേട്ട്

ജനനം : 25.02.1902 മരണം : 10.06.1987

# സ്നേഹസ്മരണയ്ക്ക്



## ഫാ. പോൾ തുണ്ടത്തിലേട്ട്

ജനനം : 13.9.1947 മരണം : 17.7.2006



ഫാ. പോൾ മുശാരിയേട്ട് രജതജൂബിലി

# എഡിറ്റോറിയൽ ബോർഡ്



ഡോ. ബാബു ജോസഫ് കിഴക്കേതൊട്ടിയിൽ
ചീഫ് എഡിറ്റർ



ജോസഫ് തോമസ്
എളൂക്കാലായിൽ



സജി തോമസ്
മൂശാരിയേട്ട്



ജോർജ്ജുകുട്ടി മാത്യു
വലിയപറമ്പിൽ



എം.വി. സണ്ണി
മറ്റപ്പള്ളിൽ



ടോണി ജോർജ്ജ്
കിഴക്കേതൊട്ടിയിൽ



എം. സി. എബ്രാഹം
മറ്റപ്പള്ളിൽ



ജോസ് ടോണി
മുതുകാട്ടിൽ

# ഭരണസമിതി



രക്ഷാധികാരി
ഫാ. ജോസ് മുശാരിയേട്ട്



പ്രസിഡന്റ്
ജോസഫ് തോമസ് ഏലുക്കാലായിൽ
ഫോൺ 9446325887



സെക്രട്ടറി
റ്റോണി ജോർജ്ജ്
ഫോൺ 9447659849



വൈസ് പ്രസിഡന്റ്
ലിസി സെബാസ്റ്റ്യൻ
ഫോൺ 9745002693



ഖജാൻജി
എം. വി. സണ്ണി മറ്റപ്പള്ളിൽ
ഫോൺ 9447147386



മൂശാരിയേട്ട് ശാഖ
ജോസഫ് വർഗ്ഗീസ് മൂശാരിയേട്ട്
ഫോൺ 9747145832



എളൂക്കാല ശാഖ
പോൾ മാണി തുണ്ടത്തിലേട്ട്
ഫോൺ 9447137353



വലിയപറമ്പിൽ ശാഖ
സാജൻ ജോർജ്ജ് മൂശാരിയേട്ട്
ഫോൺ 9447674861



കിഴക്കെത്തൊട്ടിയിൽ ശാഖ
രാജു ജോസഫ്
കിഴക്കെത്തൊട്ടിയിൽ
ഫോൺ 9400835985



മുതുകാട്ടിൽ ശാഖ
ജോസ് റ്റോണി മുതുകാട്ടിൽ
ഫോൺ 9846265065




വനിതാ പ്രതിനിധി
ആൻസി ബാബു തുണ്ടത്തിലേട്ട്
ഫോൺ 99400732511


# എഡിറ്റോറിയൽ ബോർഡ്
## ഒന്നാം പതിപ്പ്



ഫാ. പോൾ മൂശാരിയേട്ട് (തുണ്ടത്തിലേട്ട്)
കൺവീനർ



എം. ഡി. ജോസഫ് മുതുകാട്ടിൽ
ചീഫ് എഡിറ്റർ




എം. പി. തോമസ് തുണ്ടത്തിലേട്ട്



എം. റ്റി. സെബാസ്റ്റ്യൻ മൂശാരിയേട്ട്




ജോർജ്ജുകുട്ടി മാത്യു (അപ്പച്ചൻ)
വലിയപറമ്പിൽ




എം. വി. സണ്ണി മറ്റപ്പള്ളിൽ

# ഭരണസമിതി 1995



ഫാ. ജോസ് മൂശാരിയേട്ട്
രക്ഷാധികാരി



എം. ഡി. ജോസഫ് മുതുകാട്ടിൽ
പ്രസിഡന്റ്



കെ. പി. വർക്കി മറ്റപ്പള്ളിൽ




എം. പി. തോമസ് തുണ്ടത്തിലേട്ട്
സെക്രട്ടറി



ജോസഫ് (കുഞ്ഞ്)
കറുത്തപാറയിൽ



എം. റ്റി. സെബാസ്റ്റ്യൻ മൂശാരിയേട്ട്
ജോയിന്റ് സെക്രട്ടറി



ജോർജ്ജുകുട്ടി മാത്യു അപ്പച്ചൻ
വലിയപറമ്പിൽ

# ആമുഖം

## ഒന്നാം പതിപ്പ്

മൂശാരിയേട്ടു കുടുംബത്തിന്റെ ഈ ചരിത്രം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കാൻ ഞങ്ങൾക്കു സാധിച്ചതിൽ അതിയായ സന്തോഷമുണ്ട്. കുടുംബാംഗങ്ങളുടെ ആത്മാർത്ഥമായ സഹകരണത്തോടെയാണ് ഇതു സാധിച്ചത്. ഇതുപൊലൊരു ചരിത്രം എഴുതി പ്രകാശനം ചെയ്തു കാണാൻ ഞങ്ങളുടെ ദിവംഗതനായ റവ. ഫാ. സെബാസ്റ്റ്യൻ മൂശാരിയേട്ട് അതിയായി ആഗ്രഹിക്കുകയും തന്റെ ജീവിതകാലത്തിന്റെ നല്ലൊരു ഭാഗം അതിനായി ചെലവഴിക്കുകയും ചെയ്തു. അദ്ദേഹം കൊടുങ്ങല്ലൂർ, ഉദയംപേരൂർ, ചെമ്പ്, കടുത്തുരുത്തി, കുറവിലങ്ങാട് തുടങ്ങിയ മൂലകുടുംബങ്ങൾ താമസിച്ചിരുന്ന ചരിത്രപ്രധാനങ്ങളായ ക്രിസ്തീയകേന്ദ്രങ്ങൾ പലവട്ടം സന്ദർശിച്ചു ശേഖരിച്ച അമൂല്യവിവരങ്ങൾ, നല്ല കൈപ്പടയിൽ എഴുതാൻ കൈമാറിയ ആളിൽ നിന്നും നഷ്ടപ്പെട്ടുവെന്നും അതു വീണ്ടെടുക്കുവാൻ സാധിച്ചില്ല എന്നും വളരെ ദുഖത്തോടെ പലപ്പോഴും ഞങ്ങളോട് പറഞ്ഞിട്ടുണ്ട്. ഇതുവഴി അദ്ദേഹത്തിന്റെ ചിരകാലാഭിലാഷം പൂർത്തിയാക്കാൻ സാധിച്ചതിൽ സന്തോഷമുണ്ട്.

ഇതിനു പ്രചോദനം നൽകിയ സന്ദർഭങ്ങൾ എടുത്തു പറയേണ്ടതാണ്. 1991ൽ ഞങ്ങളുടെ ഇടവക കൂടല്ലൂർ സെ. ജോസഫ്സ് പള്ളി സ്ഥാപിച്ചതിന്റെ 150-ാം വാർഷികാഘോഷമായിരുന്നു. ഈ ജൂബിലി അത്യാഡംബരപൂർവ്വം നടത്തണമെന്നു ബ. വികാരിയും യോഗക്കാരും തീരുമാനിച്ചപ്പോൾ ഇതിന്റെ സ്മരണ നിലനിർത്താൻ ഒരു സ്മരണിക (സുവനീർ) കൂടി വേണമെന്നു നിർദ്ദേശമുണ്ടായി. അതിനായി ഇടവകയിലെ കുടുംബാംഗങ്ങൾ അവരുടെ ലഘുചരിത്രം എഴുതി ഫോട്ടോയും ചേർത്തു കൊടുക്കണമെന്നു പറഞ്ഞു. സ്മരണികയിൽ കൊടുക്കുന്ന കുടുംബചരിത്രത്തിന്റെ രൂപവും ഭാവവും ഏകതാരൂപത്തിലാകണമെന്നും അതിനായി ഒരു മാതൃക എഴുതിക്കൊടുക്കാൻ ഈ കുടുംബാംഗമായ മുതുകാട്ടിൽ എം. ഡി. ജോസഫിനോടാവശ്യപ്പെടുകയും ചെയ്തു. അതനുസരിച്ച് ജോസഫ് കൊടുത്ത ഭാഗം അദ്ദേഹത്തിന്റെയും ഭാര്യ ഏലിയാമ്മ

യുടെയും ഫോട്ടോയും ചേർത്ത് അച്ചടിപ്പിച്ച് കൂടല്ലൂർ ഇടവക മുഴുവൻ വിതരണം ചെയ്തു. എന്നാൽ, ഏതോ കാരണത്താൽ സ്മരണികപ്രസിദ്ധീകരണം ഉപേക്ഷിക്കുകയാണുണ്ടായത്.

സ്മരണികയ്ക്ക് സാമ്പിൾ കോപ്പി എങ്ങനെ എഴുതണമെന്നാലോചിക്കാൻ കുടുംബാഗങ്ങളിൽ പ്രധാനപ്പെട്ടവരെ 15.6.91 ൽ മുതുകാട്ടിൽ ക്ഷണിച്ചു വരുത്തി ഏകദേശരൂപം മനസ്സിലാക്കി. വീണ്ടും 23.6.1991 ൽ കൂടുതൽ അംഗങ്ങളെ ക്ഷണിക്കുകയും പൂർണരൂപം വരുത്തി പകർപ്പ് പള്ളിയിൽ ഏൽപ്പിക്കുകയും ചെയ്തു. അതോടൊപ്പം മേലിൽ എല്ലാ മാസവും നമ്മുടെ എല്ലാം കുടുംബാംഗങ്ങളെയും മുടങ്ങാതെ പങ്കെടുപ്പിച്ച് യോഗം നടത്തണമെന്നും നമ്മുടെ കുടുംബാഗവും പാലാ കത്തീഡ്രൽ പള്ളി അസി. വികാരിയുമായിരുന്ന റവ. ഫാ. ജോസിനെ ക്ഷണിച്ചു വരുത്തണമെന്നും തീരുമാനിച്ചു. അങ്ങനെ 28.7.1991 ൽ കിഴക്കേത്തൊട്ടിയിൽ ശ്രീ. കെ. പി. ജോസഫിന്റെ വസതിയിൽ കൂടിയ യോഗത്തിൽ അദ്ദേഹം സന്നിഹിതനായിരുന്നു. ഈ യോഗത്തിൽ കുടംബത്തിന്റെ മൂലചരിത്രം കഴിയുന്നിടത്തോളം ശേഖരിച്ചു പുസ്തകമാക്കി കുടുംബങ്ങളിൽ വിതരണം ചെയ്യണമെന്നും നിർദ്ദേശമുണ്ടായി. അതിനായി ബ. ജോസച്ചന്റെ നേതൃത്വത്തിൽ ശ്രീ. എം. പി. തോമസ് തുണ്ടത്തിലേട്ട്, ജോർജ്ജ് വലിയപറമ്പിൽ (അപ്പച്ചൻ), തോമസ് മുതുകാട്ടിൽ എന്നിവരെ മൂലകുടുംബം സ്ഥിതി ചെയ്തിരുന്ന ചെമ്പ്, കൊടുങ്ങല്ലൂർ, കടുത്തുരുത്തി, കുറവിലങ്ങാട് മുതലായ സ്ഥലങ്ങളും അവിടുത്തെ പള്ളികളും സന്ദർശിക്കാൻ ചുമതലപ്പെടുത്തി. കൂടാതെ പ്രാർത്ഥനാ ചൈതന്യമുള്ള ഒരു നല്ല കൂടുംബമായി കുടുംബാംഗങ്ങൾ വർത്തിക്കുമെന്നും പരസ്പര സ്നേഹവും സൗഹാർദ്ദതയും എന്നും നിലനിർത്തി എല്ലാവരും പ്രവർത്തിക്കുമെന്നും പ്രാർത്ഥനയോടുകൂടി ഏകസ്വരത്തിൽ പ്രതിജ്ഞയും എടുത്തു. അടുത്ത യോഗം മറ്റപ്പള്ളിൽ വർക്കിയുടെ വീട്ടിൽ 11.8.1991ൽ ചേർന്നു. ആദ്യമായി വീണ്ടും പ്രതിജ്ഞ പുതുക്കി പ്രാർത്ഥിച്ചു. പിന്നീടു 14.9.1991 ൽ തുണ്ടത്തിലേട്ടു തോമസിന്റെ വസതിയിൽ ചേർന്നു യോഗഭാരവാഹികളെ തെരഞ്ഞെടുത്തു. രക്ഷാധികാരിയായി റവ. ഫാ. ജോസ് മൂശാരിയേട്ടിനെയും പ്രസിഡണ്ടായി ശ്രീ. എം. ഡി. ജോസഫിനെയും സെക്രട്ടറിയായി ശ്രീ. എം. പി. തോമസിനെയും അഞ്ചു കമ്മിറ്റിക്കാരെയും തെരഞ്ഞെടുത്തു.

ഇങ്ങനെ എല്ലാ മാസവും മുടക്കമില്ലാതെ ഇന്നുവരെ കുടുംബയോഗങ്ങൾ നടക്കുന്നുണ്ട്. ഇതിനിടയിൽ ദിവംഗതനായ കുടുംബാംഗം ബ. സെബാസ്റ്റ്യനച്ചന്റെ 5 -ാം ചരമവാർഷികം 1992 ജൂണിൽ നടത്തി. തദവസരത്തിൽ കുടുംബത്തിലുള്ള എല്ലാ വൈദികരും ചേർന്നു സമൂഹബലിയും കബറിടത്തുങ്കൽ ഒപ്പീസും വലിയപറമ്പിൽ ശ്രാദ്ധവും ഉണ്ടായിരുന്നു.

എല്ലാ കുടുംബയോഗങ്ങളിലും ചരിത്രാന്വേഷണത്തിന്റെ പുരോഗതി വിലയിരുത്തുകയും കിട്ടിക്കൊണ്ടിരുന്ന വിവരങ്ങൾ എഴുതുവാൻ പ്രസിഡന്റിനെ ചുമതലപ്പെടുത്തുകയും ചെയ്തു. ഈ വിവരങ്ങളെല്ലാം ചേർത്ത് ഇതു പുസ്തകരൂപത്തിലാക്കാൻ വേണ്ടി ഒരു എഡിറ്റോറിയൽ ബോർഡിനെയും തെരഞ്ഞെടുത്തു ചുമതലപ്പെടുത്തി. അതിന്റെ പ്രസിഡന്റായി ശ്രീ. എം. ഡി. ജോസഫും അംഗങ്ങളായി എം. പി. തോമസ്, ജോർജ്ജ് വലിയപറമ്പിൽ., സണ്ണി മറ്റപ്പള്ളിൽ, ദേവസ്യാ മൂശാരിയേട്ട് എന്നിവരും ചുമതലയേറ്റു.

26.8.1992 ൽ മൂശാരിയേട്ടുകുടുംബയോഗത്തിന്റെ ഒന്നാം വാർഷികാഘോഷവും മുതുകാട്ടിൽ ശാഖാകാരണവർ ദേവസ്യായുടെ 25-ാം ചരമവാർഷികവും ആഘോഷമായി നടത്തി. കുടുംബാംഗങ്ങളായ എല്ലാ വൈദികരും ചേർന്ന് കൂടല്ലൂർ പള്ളിയിൽ വച്ചു സമൂഹബലിയും ഒപ്പീസും വീട്ടിൽ ശ്രാദ്ധവും ഉണ്ടായിരുന്നു. പിന്നീടു കുടുംബവാർഷികയോഗം ബ. വികാരി സെബാസ്റ്റ്യൻ നടയ്ക്കലച്ചന്റെ അദ്ധ്യക്ഷതയിൽ മുതുകാട്ടിൽ ചേരുകയും കുടുംബകൂട്ടായ്മയുടെ അനിവാര്യത വിശദീകരിച്ചു മനസ്സിലാക്കിത്തരുകയും ചെയ്തു. തദവസരത്തിൽ അസി. വികാരി റവ. ഫാ. ജോസഫ് കടുപ്പിലും സംബന്ധിച്ചിരുന്നു. തുടർന്നും എല്ലാ മാസവും കുടുംബയോഗങ്ങൾ മുടങ്ങാതെ നടത്തിക്കൊണ്ടിരുന്നു.

ആസാംരൂപതയിൽ വൈദികപഠനത്തിനു പോയിരുന്ന കിഴക്കേത്തൊട്ടിയിൽ ശാഖാംഗമായ മറ്റപ്പള്ളിൽ വർക്കിയുടെ ഇളയമകൻ സിബിച്ചൻ എന്നു വിളിക്കുന്ന ഫ്രാൻസിസ് 10.1.1995ൽ കൂടല്ലൂർപള്ളിയിൽ വച്ചു പൗരോഹിത്യം സ്വീകരിച്ച് ആദ്യബലി അർപ്പിച്ചു. ഈ കുടുംബത്തിലെ അഞ്ചാമത്തെ വൈദികനാണദ്ദേഹം.

എഡിറ്റോറിയൽകമ്മിറ്റിയെ എൽപിച്ച ചുമതലകൾ 1995 ജൂൺ മാസത്തോടെ പൂർത്തിയാക്കി. അതിന്റെ ഫോട്ടോസ്റ്റാറ്റ്

കോപ്പി എടുത്ത് ആവശ്യമായ തിരുത്തലുകൾക്ക് ബ. പോൾ അച്ചനെ (തുണ്ടത്തിലേട്ട്) ഏൽപിച്ചു. അങ്ങനെ ഫാ. എം. റ്റി. പോൾ മൂശാരിയേട്ടിന്റെ (സീനിയർ) 25-ാം പൗരോഹിത്യജൂബിലിയാഘോഷത്തിന്റെയും ബ. വല്യച്ചൻ സെബാസ്റ്റ്യൻ മൂശാരിയേട്ടിന്റെയും സ്മരണ നിലനിർത്തുന്നതിനുവേണ്ടി ഈ ചരിത്രം ഞങ്ങൾ പ്രസിദ്ധീകരിക്കുന്നു.

അതിപുരാതനമായ ഒരു കുടുംബത്തിന്റെ മഹത്തായ ഭൂതകാലം ഇന്നത്തെ തലമുറ ഓർമ്മിക്കാനും ആദിമുതൽ നാം തുടർന്നു പോന്ന ശക്തമായ കുടുംബകൂട്ടായ്മയെ ഊട്ടിയുറപ്പിയ്ക്കാനും സർവ്വോപരി നമുക്കു നമ്മെക്കുറിച്ചു തന്നെ ഒരറിവുണ്ടാകണമെന്ന ആഗ്രഹവുമാണ് ഇതിനു ഞങ്ങളെ പ്രേരിപ്പിച്ചത്. നാടിന്റ നാനാഭാഗത്തും വിദേശത്തും വ്യത്യസ്തങ്ങളായ ജീവിതാന്തസ്സിൽ കഴിഞ്ഞുകൂടുന്ന കുടുംബാംഗങ്ങളെ പരസ്പരം അറിയുന്നതിന് ഇതുവഴി ഇടയാകണമെന്നതാണു ഞങ്ങളുടെ ലക്ഷ്യങ്ങളിൽ പ്രധാനം.

നാമിന്നു സ്വന്തമാക്കിയിട്ടുള്ള എല്ലാ സൗകര്യങ്ങൾക്കും പിന്നിൽ പ്രവർത്തിച്ച നമ്മുടെ പൂർവ്വികരെ ചരിത്രത്തിന്റെ താളുകളിൽ കണ്ടെത്തുക വഴി അവരുടെ ജീവിതാദർശങ്ങൾ പിന്തുടരുക എന്ന ബാദ്ധ്യതയാണു നാമേറ്റെടുക്കുന്നത്. മുൻകാലങ്ങളിൽ ചരിത്രത്തിൽ ഉൾപ്പെടുത്തുകയെന്നത് ഒരു ന്യൂനപക്ഷം അധികാരികളെ മാത്രമായിരുന്നു. എന്നാൽ, ഇന്നു സമൂഹത്തിൽ ജീവിച്ചു കടന്നുപോയവർക്കെല്ലാം ചരിത്രത്തിൽ പങ്കുണ്ട് എന്ന വിശാലവീക്ഷണമാണുള്ളത്. സമൂഹത്തിന്റെ ചരിത്രം കുടുബങ്ങളുടെയും വ്യക്തികളുടെയും ചരിത്രമാണ്.

പുരാതനമായ മൂശാരിയേട്ടുകുടുംബത്തിന്റെ ചരിത്രം എല്ലാവരും മറന്നിരിക്കുകയാണ്. ആയുർവ്വേദചികിത്സ സംബന്ധിച്ച താളിയോലഗ്രന്ഥങ്ങൾ, ചരിത്രപരമായ മറ്റുരേഖകൾ, ഡയറിക്കുറിപ്പുകൾ തുടങ്ങി നമുക്കു സ്വന്തമായുണ്ടായിരുന്ന പലതും കാലപ്രവാഹത്തിൽ നഷ്ടപ്പെട്ടുപോയി. അതിനാൽ കഴിഞ്ഞ തലമുറകൾ പറഞ്ഞുതന്ന കാര്യങ്ങളാണു മുഖ്യമായി നമ്മുടെ ചരിത്രത്തിനാധാരം.

കൃഷിയെമാത്രം ആശ്രയിച്ചു ജീവിച്ചു പോന്ന നമ്മുടെ കുടുംബാംഗങ്ങളിൽ ഭൂരിഭാഗവും ഭൂവിസ്തീർണവും ഫലഭൂയിഷ്ടമായ മണ്ണും അന്വേഷിച്ചു വിദൂരസ്ഥലങ്ങളിൽ പോയി താമസമാക്കി. തന്മൂലം കുടുംബപരമായ ഐക്യം അല്പമെങ്കിലും നഷ്ടപ്പെടുകയും പരസ്പരബന്ധം ഇല്ലാതാകുകയും ചെയ്തു. അതിനെ കൂട്ടിയോജിപ്പിക്കാനും പുതിയ തലമുറകൾക്കു പരസ്പരബന്ധത്തിന്റെ നൂലിഴകൾ കാണിച്ചുകൊടുക്കുവാനും ഈ ഗ്രന്ഥം വഴി സാധിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

ക്രിസ്തീയമൂല്യങ്ങൾ പഠിക്കാനും വളർത്താനും സംരക്ഷിക്കാനും നമ്മുടെ പൂർവ്വികർ കാണിച്ച താല്പര്യവും ജയാപജയങ്ങളെ അവർ കണ്ട വിധവും നാം മനസ്സിലാക്കേണ്ടതുണ്ട്. ഈ കുടുംബം കൊടുങ്ങല്ലൂർ മുതൽ ചെമ്പുവരയെും അവിടെനിന്നും കടുത്തുരുത്തി, കുറവിലങ്ങാട്, കടപ്പൂര് വരെയും വന്നെത്തിയ ചരിത്രത്തെക്കുറിച്ചുള്ള ആധികാരികരേഖകളുടെ അഭാവം തീർക്കുന്നതു പാരമ്പര്യവിശ്വാസങ്ങളാണ്. അതിന്റെ സംഗ്രഹമാണ് ഈ ഗ്രന്ഥം.

ഇതിന്റെ ഉള്ളടക്കം മൂശാരിയേട്ടു തോമ്മാക്കാരണവർ മുതൽ മക്കത്തായക്രമത്തിന് അഞ്ചു ശാഖകളായി തിരിഞ്ഞ കുടുംബങ്ങളുടെ ചരിത്രമാണ്. മൂശാരിയേട്ട്, എളൂക്കാലാ, വലിയപറമ്പിൽ, കിഴക്കേത്തൊട്ടിയിൽ, മുതുകാട്ടിൽ എന്ന് ഈ ശാഖാകുടുംബങ്ങൾ അറിയപ്പെടുന്നു. ഈ കുടുംബങ്ങളുടെ ജീവിതം, വിദ്യാഭ്യാസം, തുടങ്ങിയവയും ഇപ്പോഴുള്ള തലമുറയുടെ വിവരങ്ങളും ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. കർമ്മനിരതരും അനുകമ്പാപൂരിതരും ത്യാഗോജ്ജ്വലരുമായിരുന്ന ഒട്ടനവധി മുൻഗാമികൾ ഈ കുടുംബങ്ങളിൽ ദീപം തെളിച്ചു സാഭിമാനം കടന്നുപോയി. ദൈവസ്നേഹത്തിലും സമുദായസേവനത്തിലും പൊതുപ്രവർത്തനങ്ങളിലും വേരൂന്നിയ അവരുടെ ജീവിതദർശനങ്ങൾ ഈ കുടുംബചരിത്രത്തിലൂടെ അനാവരണം ചെയ്യപ്പെടുന്നതോടൊപ്പം അവ മൂശാരിയേട്ടു കുടുംബത്തിന്റെയും അവരോടു പ്രത്യക്ഷമായും പരോക്ഷമായും ബന്ധപ്പെട്ട എല്ലാവരുടെയും തുടർന്നുള്ള കൂട്ടായ്മയ്ക്കും അഭ്യുന്നതിക്കും കാരണമാകട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മൂശാരിയേട്ടുകുടുംബചരിത്രം എന്ന ഈ ഗ്രന്ഥം എഴുതിപൂർത്തിയാക്കുന്നതിനു രൂപവത്കരിച്ച എഡിറ്റോറിയൽ ബോർഡിൽ എല്ലാ ശാഖകളിൽ നിന്നും ഓരോ അംഗത്തെ തെരഞ്ഞെടുത്തിരുന്നു. അവർ പോയി അന്വേഷിച്ചു ശേഖരിച്ചതുകൂടാതെ കത്തു

കൾ വഴിയും കുടുംബരജിസ്റ്റർ അയച്ചും മാതാപിതാക്കൾ മുഖേനയും വിവരങ്ങൾ ശേഖരിച്ചു. ഇതിനുപുറമെ പൂർണ്ണ വിവരം കിട്ടാത്ത വീടുകളിൽ വീണ്ടും പോയി നേരിൽ ശേഖരിക്കാനും അല്ലാത്ത സ്ഥലങ്ങളിൽ കത്തുകൾ അയച്ചും ഒരു അവസാന ശ്രമം കൂടെ നടത്തിയെങ്കിലും പൂർണ്ണമായി എന്നു ഞങ്ങൾ അവകാശപ്പെടുന്നില്ല. അങ്ങനെ ഇതു പൂർത്തിയാക്കാൻ 4 വർഷം സമയമെടുത്തു. എല്ലാവരുടെയും വിവരം 1995 ജൂലായ് മാസം ഒന്നാം തീയതിയിലെ നിലയാണ്.

പരസ്പരസഹകരണത്തോടും ക്ഷമയോടും ആത്മാർത്ഥതയോടും കൂടി ഇതിൽ സഹകരിച്ച കുടുംബാംഗങ്ങളായ വൈദികർക്കും മുഖ്യപകർപ്പു പരിശോധിച്ചു നിർദ്ദേശങ്ങൾ നൽകിയ റവ. ഫാ. പോൾ തുണ്ടത്തിലേട്ടിനും രക്ഷാധികാരി ഫാ. ജോസച്ചനും എളൂക്കാലാചരിത്രം പൂർത്തിയാക്കാൻ സാധിക്കാതിരുന്ന ഒരു സന്ദർഭത്തിൽ ആവശ്യമായ രേഖകൾ ശേഖരിച്ചുതന്ന തുണ്ടത്തിലേട്ടു രാജുവിനും (പോൾ) തങ്കച്ചനും (സെബാസ്റ്റ്യൻ) ഇതിന്റെ അച്ചടിക്കാവശ്യമായ ഫണ്ടു തന്നും ശേഖരണത്തിനും സഹകരിച്ചു സഹായിച്ച വിദേശത്തും സ്വദേശത്തുമുള്ള എല്ലാവർക്കും വിശിഷ്യാ വാർദ്ധക്യം പരിഗണിക്കാതെ എല്ലാ കുടുംബയോഗങ്ങളിലും സന്നിഹിതരായി ഞങ്ങളെ പ്രോത്സാഹിപ്പിച്ച ശ്രീ. കെ. പി. ജോസഫ് കിഴക്കേത്തൊട്ടിയിൽ, മറ്റപ്പള്ളിൽ വർക്കി, മൂശാരിയേട്ടു നിന്നു പള്ളത്തുതാമസിക്കുന്ന പൈലോച്ചൻ എന്നിവർക്കും പ്രത്യേകമായി ഈ കുടുംബകൂട്ടായ്മ നിലനിർത്താൻ നിരന്തരം പ്രാർത്ഥിച്ചുപോരുന്ന നമ്മുടെ കുടുബത്തിലെ എല്ലാ കന്യാസ്ത്രീകൾക്കും നന്ദി പറയുന്നു.

ഇതിൽ ദിവംഗതനായ മൂശാരിയേട്ടു വല്യച്ചന്റെ (ഫാ. സെബാസ്റ്റ്യൻ) പൗരോഹിത്യ സ്വീകരണവേളയിൽ 1931 ൽ വാരാപ്പുഴ വച്ചു ശാഖാ മാതാപിതാക്കളോടും സഹോദരങ്ങളോടും ഒപ്പം എടുത്ത ഫോട്ടോയും, മറ്റു കുടുംബാംഗങ്ങളുടെ ഫോട്ടോകൾ 1995 ജൂലായ് മാസം 31-ാം തീയതി വരെ കിട്ടിയതും ചേർത്തിട്ടുണ്ട്.

എഡിറ്റോറിയൽബോർഡിനു വേണ്ടി

**എം. ഡി ജോസഫ് മുതുകാട്ടിൽ**

(ചീഫ് എഡിറ്റർ)

കടപ്പൂര്

31.07.1995

# ആമുഖം

## രണ്ടാം പതിപ്പ്

1995-ൽ മൂശാരിയേട്ട് കുടുംബയോഗത്തിന്റെ സ്ഥാപക പ്രസിഡന്റായിരുന്ന യശഃശരീരനായ മുതുകാട്ടിൽ ശ്രീ എം.ഡി. ജോസഫിന്റെയും മറ്റ് എഡിറ്റോറിയൽ ബോർഡ് അംഗങ്ങളുടേയും അശ്രാന്ത പരിശ്രമഫലമായാണ് നമുക്ക് ഒരു കുടുംബ ചരിത്രം എഴുതി പ്രസിദ്ധീകരിക്കുവാൻ സാധിച്ചത്. അത് നമ്മുടെ കുടുംബത്തിന് അങ്ങേയറ്റം അഭിമാനിക്കുവാൻ സാധിക്കുന്ന ഒരു മുഹൂർത്തമായിരുന്നു. നമ്മുടെ കുടുംബത്തെക്കുറിച്ചുള്ള ഒരു ആധികാരിക ചരിത്രരേഖയാണത്. കുടുംബചരിത്രം പൂർത്തിയാക്കി പ്രസിദ്ധീകരിക്കുന്നതിന് അവർ നടത്തിയിട്ടുള്ള പരിശ്രമങ്ങൾക്കും, കടന്നുപോയ കഷ്ടപ്പാടുകൾക്കും നാം എന്നും അവരോട് കടപ്പെട്ടിരിക്കുന്നു. അതിനുശേഷം നീണ്ട രണ്ട് ദശാബ്ദങ്ങൾ പിന്നിട്ടിരിക്കുന്നു. കാലചക്രത്തിന്റെ അനുസ്യൂത ചംക്രമണത്തിൽ പുതുതലമുറകൾ നാമ്പെടുത്തു. അന്നത്തെ കുട്ടികൾ ഇന്ന് കുടുംബനാഥന്മാരായും ചെറുപ്പക്കാർ വയോധികരായും, വയോധികർ ഓർമ്മച്ചിത്രങ്ങളായും മാറുകയും ചെയ്തു. മൂശാരിയോട് കുടുംബയോഗം അതിന്റെ സിൽവർ ജൂബിലി വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. ജൂബിലി വർഷത്തിലേക്ക് പ്രവേശിക്കുന്ന ഈ വേളയിൽ നമ്മുടെ കുടുംബചരിത്രത്തിന്റെ പുനഃപ്രസിദ്ധീകരണം, അതായത് ഒരു രണ്ടാം പതിപ്പ് ആവശ്യമാണ് എന്ന അഭിപ്രായം ഉരുത്തിരിയുകയും, അത് ഈ ജൂബിലി വർഷാരംഭത്തിൽ തന്നെ പ്രസിദ്ധീകരിക്കുകയും ചെയ്യണമെന്ന് നമ്മുടെ കുടുംബയോഗത്തിൽ തീരുമാനം എടുക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഈ പരിഷ്കരിച്ച രണ്ടാം പതിപ്പ് പ്രസിദ്ധീകരിക്കുവാൻ മുതിരുന്നത്. എല്ലാ കുടുംബാംഗങ്ങളോടും ആദ്യ പതിപ്പിനുശേഷമുള്ള വിവരങ്ങളും, കുടുംബചിത്രങ്ങളും മറ്റും നിശ്ചിത തീയതിക്കകം തന്ന് ഇതിൽ സഹകരിക്കണമെന്ന് കുടുംബയോഗങ്ങളിൽ വച്ചും, നേരിട്ടും, ഫോണിലൂടെയും മറ്റും പല പ്രാവശ്യം അഭ്യർത്ഥിച്ചിരുന്നു. ഭൂരിപക്ഷം ആളുകളും സഹകരിച്ചെങ്കിലും എല്ലാവരിൽ നിന്നും തക്കസമയത്ത് പൂർണ്ണമായ പിന്തുണയും സഹകരണവും കിട്ടി എന്ന് അവകാശ

പ്പെടാനാവില്ല. വിദൂര സ്ഥലങ്ങളിലുള്ളവരോട് ഫോണിലും, കത്തിലൂടെയും, ചിലയിടങ്ങളിൽ നേരിട്ടും പോയി വിവരങ്ങൾ ശേഖരിക്കുവാൻ ശ്രമിച്ചു എങ്കിലും അതും വേണ്ടവിധം പൂർണ്ണമായി എന്നു കരുതുന്നില്ല. ആയതിന്റെ കോട്ടങ്ങളും കുറവുകളും ആദ്യപതിപ്പിലെന്ന പോലെ കുറേയെങ്കിലും ഈ രണ്ടാം പതിപ്പിലും കാണാതിരിക്കാനിടയില്ല. ഏതെങ്കിലും കാലഘട്ടത്തിൽ ഇതിന്റെ മൂന്നാം പതിപ്പ് പ്രസിദ്ധീകരിക്കാൻ ഇടവന്നാൽ എല്ലാവരുടേയും പൂർണ്ണ സഹകരണത്തോടെ നൂറുശതമാനം കൃത്യതയോടെ ആയത് വെളിച്ചം കാണുവാൻ ഇടയാകും എന്ന് നമുക്ക് പ്രത്യാശിക്കാം.

ഒരു സാഹിത്യസൃഷ്ടി ഒരാളുടെ മാത്രം കലാസാഹിത്യബോധത്തിൽനിന്ന് ഉയിരാകുന്നതാണ്. പക്ഷേ ഇതുപോലെയുള്ള ഒരു ഗ്രന്ഥസൃഷ്ടി അനേകരുടെ കൂട്ടായ്മയിൽ നിന്നും അശ്രാന്ത പരിശ്രമത്തിൽ നിന്നും ഉരുത്തിരിയുന്നതാണ്. ഇതിന് കൂട്ടായ പരിശ്രമവും എല്ലാവരുടെയും നിർലോഭമായ സഹകരണവും വേണം. നമ്മുടെ എഡിറ്റോറിയൽ ബോർഡിന്റെയും ഭരണസമിതി അംഗങ്ങളുടേയും പരിശ്രമങ്ങൾ ഇക്കാരണത്താൽ തന്നെ പ്രശംസനീയമാണ്.

കുടുംബചരിത്രത്തിന്റെ ഒന്നാം പതിപ്പിൽ നമ്മുടെ കുടുംബചരിത്രം സംക്ഷിപ്തമായ വിവരിച്ചിട്ടുണ്ട്. കുടുംബത്തിന്റെ ഉത്ഭവത്തെയും മറ്റും കുറിച്ച് പിന്നീട് ശേഖരിച്ച ചില വിവരങ്ങൾ കൂടി ഈ പതിപ്പിൽ ചേർക്കുന്നു.

ക്രിസ്തിവിനുമുമ്പ് ഏതാണ്ട് ആയിരം വർഷങ്ങൾക്കു മുമ്പ് തന്നെ കേരളവും മദ്ധ്യപൂർവ്വേഷ്യൻ രാജ്യങ്ങളും തമ്മിൽ വ്യാപാരബന്ധം നിലനിന്നിരുന്നു. മുസിരിസ് എന്ന് വിദേശികളും മുചിരി, കൊടും കേളൂർ എന്നും മറ്റും നാട്ടുകാരും വിളിച്ചിരുന്നു ഇന്നത്തെ കൊടുങ്ങല്ലൂർ കോഴിക്കോടിന് സമീപമുള്ള തൊണ്ടി, നിരണം, കൊല്ലം, കൊമരി, (കന്യാകുമാരി) തുടങ്ങിയ തുറമുഖപട്ടണങ്ങളായിരുന്നു പുരാതനകേരളത്തിലെ പ്രധാന വ്യാപാരകേന്ദ്രങ്ങൾ.

കേരളവും തമിഴ്നാടും, കർണ്ണാടകയുടെയും ആന്ധ്രായുടെയും ഏതാനും ഭാഗങ്ങളും ചേർന്ന ഭൂപ്രദേശത്തെ ജനങ്ങളുടെ ഭാഷ തമിഴ് ആയിരുന്നതിനാൽ ഈ പ്രദേശത്തെ ഒന്നായി 'തമിഴകം' എന്നാണ് വിളിച്ചിരുന്നത്. ഈ പ്രദേശങ്ങളിലെ സംസാരഭാഷ തമിഴായിരുന്നുവെങ്കിലും വ്യാപാരകേന്ദ്രങ്ങളിൽ ഹീബ്രു, അറ

മായ ഭാഷകൾ സർവ്വസാധാരണമായി ഉപയോഗിച്ചിരുന്നു. അതിനു കാരണം യഹൂദ വ്യാപാരികളുടെ ബാഹുല്യം തന്നെ. തമിഴകം മൂന്നു രാജ്യങ്ങളായി തിരിച്ചിരുന്നു. കൊടുങ്ങല്ലൂർ (മുസിരിസ്) ആസ്ഥാനമാക്കി ചേരരാജാക്കന്മാരും, മധുരകേന്ദ്രമാക്കി പാണ്ഡ്യ രാജക്കന്മാരും കാവേരിപട്ടണം ആസ്ഥാനമാക്കി ചോള രാജാക്കന്മാരുമാണ് അക്കാലത്ത് ഭരണം നടത്തിയിരുന്നത്.

മൺസൂൺകാറ്റിന്റെ സഹായത്താൽ കടലിലൂടെ കപ്പലുകൾക്ക് തുറമുഖത്തേക്ക് വേഗത്തിൽ എത്താമെന്നുമുള്ള സൗകര്യം കൊണ്ടും അവയ്ക്ക് തുറമുഖത്തുനിന്ന് പട്ടണത്തിന്റെ ഉൾപ്രദേശങ്ങളിലേക്ക് നീണ്ടുകിടക്കുന്ന തോടുകളിലൂടെ പണ്ടകശാലകളിലേക്ക് എളുപ്പത്തിൽ എത്തിപ്പെടാനുള്ള സൗകര്യം കൊണ്ടും അക്കാലത്ത് ഏറ്റവും പ്രധാന സുഗന്ധവ്യഞ്ജന വ്യാപാരകേന്ദ്രമായി കൊടുങ്ങല്ലൂർ (മുസിരീസ്) പട്ടണം വികസനം പ്രാപിച്ചിരുന്നു. വിദേശ വ്യാപാരവുമായി ബന്ധപ്പെട്ട് ധാരാളം യഹൂദരും അറബികളും, ഗ്രീക്കുകാരും, പേർഷ്യക്കാരും കൊടുങ്ങല്ലൂരിൽ താമസിച്ചിരുന്നു.

ബി.സി. കാലഘട്ടത്തിൽ തന്നെ കേരളത്തിൽ ബ്രാഹ്മണസമൂഹം പ്രബലരും സമ്പന്നരുമായിരുന്നുവെങ്കിലും ഹൈന്ദവമതം ഒരു മതമെന്ന നിലയിൽ പ്രചാരത്തിലായിരുന്നില്ല. സമൂഹത്തിൽ ചാതുർവർണ്യവ്യവസ്ഥയും അയിത്താചാരങ്ങളും നിലനിന്നിരുന്നു. സാധാരണജനങ്ങൾക്കിടയിൽ ബുദ്ധജൈനമതങ്ങളായിരുന്നു പ്രചാരത്തിലിരുന്നത്. ഹിന്ദുക്ഷേത്ര സംസ്ക്കാരം വ്യാപകമായിരുന്നില്ല. ആചാരാനുഷ്ഠാനങ്ങൾ ബ്രാഹ്മണകുടുംബങ്ങളിലായി ഒതുങ്ങിനിന്നു.

ഈ പശ്ചാത്തലത്തിൽ എ.ഡി. 52 ൽ തോമാശ്ലീഹാ കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങി. അക്കാലത്ത് ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നിങ്ങനെ സമൂഹം വിഭജിക്കപ്പെട്ടിരിക്കുന്നു. പ്രബലസമുദായമായിരുന്ന ബ്രാഹ്മണരിൽ നിന്നും ഇവിടെ കുടിയേറിയിരുന്ന യഹൂദരിൽ നിന്നും ഒട്ടനവധി ആളുകളെ സത്യവിശ്വാസം അറിയിക്കുന്നതിനും, ക്രമേണ ഒരു വലിയ നസ്രാണി സമുദായത്തെ കെട്ടിപ്പടുക്കുന്നതിനും ശ്ലീഹാക്ക് കഴിഞ്ഞു. അക്ഷരജ്ഞാനം അക്കാലത്ത് ബ്രാഹ്മണർക്കും വിദേശിയർക്കും മാത്രമെ ഉണ്ടായിരുന്നുള്ളൂ.

ചേരരാജ്യം അക്കാലത്ത് ഉദിയൻ ചേരിലാദൻ എന്ന ചേര രാജാവിന്റെ ഭരണത്തിൻ കീഴിലായിരുന്നുഎന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. ചാതുർവർണ്യ സംസ്ക്കാരം നടമാടിയിരുന്ന രാജ്യത്ത് പ്രബലരായ ബ്രാഹ്മണരും യഹൂദരും ചേർന്ന് രൂപപ്പെട്ട നസ്രാണി സമൂഹം അന്ന് "അഞ്ചുവർണ്ണം" എന്ന പേരിനാൽ അറിയപ്പെട്ടു. സമൂഹത്തിൽ ആദരണീയരായിരുന്ന ഈ അഞ്ചാം വർണ്ണക്കാർക്ക് പാർക്കാനായി പിൽക്കാലത്ത് അന്നത്തെ ഭരണാധികാരികൾ മണിഗ്രാമം എന്ന പേരിൽ ഒരു പ്രദേശം തന്നെ അനുവദിച്ചു കൊടുത്തിരുന്നു. രണ്ടാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടതായി കരുതപ്പെടുന്ന മണിമേഘലയെന്ന് സംഘകാലകൃതിയിൽ "ഈശാനികൾ" എന്നപേരിൽ കൊടുങ്ങല്ലൂരിൽ പാർത്തിരുന്ന നസ്രാണികളേ പരാമർശിക്കുന്നുണ്ട്.

വളർച്ചപ്രാപിച്ച ഈ സമൂഹം കേരളത്തിന്റെ ഇതരഭാഗങ്ങളിലേക്ക് വ്യാപിച്ചു. ഇക്കാലത്തുതന്നെ തോമ്മാശ്ലീഹാ പ്രേഷിത പ്രവർത്തനം നടത്തിയ പാലയൂർ (ചാവക്കാട്), കോട്ടക്കാവ്, കോക്കമംഗലം, കൊല്ലം, നിരണം, നിലയ്ക്കൽ, തിരുവിതാംകോട് തുടങ്ങിയ സ്ഥലങ്ങളിലും ക്രിസ്തീയ സമൂഹം വളർച്ചപ്രാപിച്ചു തുടങ്ങിയിരുന്നു.

എ.ഡി. 345 ൽ സിറിയായിൽ നിന്നും, വ്യാപാരിയായിരുന്ന ക്നായിതൊമ്മന്റെ നേതൃത്വത്തിൽ എഴുപത്തിരണ്ടോളം ക്രിസ്തീയ കുടുംബങ്ങൾ കൊടുങ്ങല്ലൂരെത്തി താമസം തുടങ്ങിയതോടെ ക്രിസ്ത്യാനികൾ കൂടുതൽ ശക്തരായി. ചേരൻ ചെങ്കുട്ടവന്റെ കാലശേഷം (നാലാം നൂറ്റാണ്ട്) ആദ്യത്തെ ചേരസാമ്രാജ്യം ക്ഷയിച്ചുതുടങ്ങി. പിന്നീട് പാണ്ഡ്യരും, ചോളരും വടക്കുനിന്നു വന്ന കാദംബരും നടത്തിയ അനേകം ആക്രമണങ്ങൾക്ക് കൊടുങ്ങല്ലൂർ വിധേയമാകുകയും ജനങ്ങൾ കേരളത്തിന്റെ മറ്റുപ്രദേശങ്ങളിലേക്ക് കുടിയേറിപ്പാർക്കുകയും ചെയ്തു.

അറബ് രാജ്യങ്ങളിലെ മുസ്ലിം മതവ്യാപനത്തോടെ കൊടുങ്ങല്ലൂരിലേക്കും മുസ്ലിം കുടിയേറ്റമുണ്ടാകുകയും ഇവിടത്തേ അറബികൾ മുസ്ലിം മതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെടുകയും ചെയ്തു. നിർബന്ധിത മതപരിവർത്തനം ഉണ്ടായേക്കുമോ എന്ന് ഭയന്ന് നസ്രാണികൾ കൂട്ടമായി മറ്റുപ്രദേശങ്ങളിലേക്ക് കുടിയേറി. അവർ പ്രധാനമായും ഉദയംപേരൂർ, കുറവിലങ്ങാട്, കടുത്തുരുത്തി,

കാഞ്ഞിരപ്പള്ളി തുടങ്ങിയ സ്ഥലങ്ങളിലേക്കാണ് കുടിയേറിപ്പാർത്ത ത്. ചേരസാമ്രാജ്യാരംഭം മുതൽ തന്നെ കോതനല്ലൂർ ആസ്ഥാന മാക്കി പ്രബലമായ ഒരു നാട്ടുരാജ്യം നിലവിലിരുന്നു. തെക്ക് തെക്കുംകൂർ, വടക്ക് വടക്കുംകൂർ, കിഴക്ക് മീനച്ചിൽ, പടിഞ്ഞാറ് ചെമ്പകശ്ശേരി എന്നീ നാട്ടുരാജ്യങ്ങളുടെ ഇടയിൽ കോതനല്ലൂർ, മാഞ്ഞൂർ, കുറവിലങ്ങാട്, കടപ്പൂർ, തുടങ്ങിയ ദേശങ്ങളടങ്ങിയ സാമാന്യം വിസ്തൃതമായ ഒരു നാട്ടുരാജ്യമായിരുന്നു അത്.

മുൻപ് പ്രസ്താവിച്ചതുപോലെ കൊടുങ്ങല്ലൂർ വിട്ട് കേരള ത്തിന്റെ മറ്റു പ്രദേശങ്ങളിലേക്ക് കുടിയേറിയ കുറച്ചു നസ്രാണി കൾ പായ് വള്ളങ്ങളിൽ സഞ്ചരിച്ച് വൈക്കത്തിനടുത്ത് കുലശേഖ രമംഗലത്ത് എത്തിപ്പെടുകയും ചെമ്പ് ദേശത്ത് നസ്രാണിപുരയിടം എന്ന് പിന്നീട് അറിയപ്പെട്ടിരുന്ന സ്ഥലത്തേക്ക് മാറി താമസിക്കുക യും ചെയ്തു. കോതനല്ലൂർ ആസ്ഥാനമായി നിലനിന്നിരുന്ന നാട്ടു രാജ്യത്തിൽ ഉൾപ്പെട്ടിരുന്ന ഇന്നത്തെ കടപ്പൂര് പ്രദേശത്തേക്ക് പിന്നീട് ഇതിലൊരുകൂട്ടം നസ്രാണികൾ എത്തുകയും കൊടുങ്ങ ല്ലൂർ പട്ടണത്തിനടുത്ത് അവർ വസിച്ചിരുന്ന കടലോരഗ്രാമമായി രുന്ന "കടപ്പൂര്" എന്ന പേര് ഈ പ്രദേശത്തിന് നൽകുകയും ചെയ്തു. കൊടുങ്ങല്ലൂർ അഥവാ മുസിരിക്കോട്ടിൽ നിന്നും വന്നവ രാകയാൽ ഇവർ മുസിരിക്കോട്ടുകാർ എന്ന് അറിയപ്പെട്ടിരുന്നു. ഇത് ലോപിച്ച് പിന്നീട് മൂസാരിയേട്ട് അഥവാ മൂശാരിയേട്ട് ആയി എന്നത് ചരിത്രസത്യം തന്നെയാണ്. മേൽ വിവരിച്ച പ്രകാരം അറബ് രാജ്യത്തെ മുസ്ലിം മതവ്യാപന കാലഘട്ടത്തിനുശേഷം അവിടെ നിന്നും കൊടുങ്ങല്ലൂരിലേക്ക് മുസ്ലിം കുടിയേറ്റമുണ്ടായ കാലത്തു തന്നെ കുലശേഖരമംഗലത്തേക്കും അവിടെ നിന്ന് ചെമ്പിലേക്കും പിന്നീട് എ.ഡി. 1341 ലെ പെരിയാറിലെ ഭീകരമായ ജലപ്രളയത്തി നുശേഷം 18-ാം നൂറ്റാണ്ടിലെ ടിപ്പു സുൽക്കാന്റെ പടയോട്ടകാ ലത്തോ കടപ്പൂര് പ്രദേശത്തേക്കും കുടിയേറിയ പുരാതന നസ്രാ ണികളാണ് മൂശാരിയേട്ട് കുടുംബക്കാർ എന്നത് വ്യക്തമാണ്. ഈ കരയുടെ പേരും കുടുംബപേരുംതന്നെ അതിന് തെളിവാണ്.

(കൊടുങ്ങല്ലൂർ തോമാശ്ലീഹായുടെ സവിധത്തിൽ പോകുന്ന ഏതൊരാൾക്കും കൊടുങ്ങല്ലൂരിനടുത്തുള്ള എറിയാട് എന്ന പഞ്ചാ യത്തിലെ കടപ്പൂര് എന്ന സ്ഥലം സന്ദർശിച്ച് നിജസ്ഥിതി തീർച്ച യാക്കാവുന്നതാണ്. ലേഖകൻ ഈ സ്ഥലം സന്ദർശിച്ചിട്ടുണ്ട്. ഇപ്പോൾ ഇത് ഒരു മുസ്ലിം അധിവാസ പ്രദേശമാണ്. പ്രസിദ്ധ

സിനിമാ സംവിധായകൻ 'കമൽ' ഈ നാട്ടുകാരനാണ്. വടക്കൻ പറവൂരിനും കൊടുങ്ങല്ലൂരിനുമിടയിൽ സർക്കാർ ഇപ്പോൾ "മുസിരീസ് പൈതൃക പദ്ധതി" നടപ്പാക്കുന്ന പ്രദേശത്തിൽ ഉൾപ്പെട്ട സ്ഥലവുമാണ് ഇത്.)

നസ്രസിലെ ഈശോയുടെ അനുയായിയായ, തോമാശ്ലീഹാ കേരളത്തിലെത്തി സുവിശേഷം പ്രസംഗിച്ചപ്പോൾ ആദ്യമായി ക്രിസ്തുമതം സ്വീകരിച്ചവർ പ്രവാസി യൂദന്മാരായിരുന്നു എന്നു വേണം കരുതാൻ. അതുകൊണ്ടാണ് ആദ്യകാല ക്രിസ്ത്യാനികളെ നസ്രാണികൾ എന്നു വിളിച്ചത്. അപ്പോൾ ക്രിസ്തുമതത്തിലേക്ക് പിന്നീട് പരിവർത്തനം ചെയ്യപ്പെട്ട തദ്ദേശീയരായവരും നസ്രാണികൾ എന്നു പൊതുവായി വിളിക്കപ്പെട്ടു. കള്ളി, കാളികാവ്, ശങ്കരപുരി, പകലോമറ്റം തുടങ്ങിയ നമ്പൂതിരി കുടുംബങ്ങൾ മതപരിവർത്തനം ചെയ്യപ്പെട്ട് കുറവിലങ്ങാട് തുടങ്ങിയ പ്രദേശങ്ങളിലേക്ക് കുടിയേറിയതിന് ശതകങ്ങൾക്കു മുമ്പ് ഈ പ്രദേശങ്ങളിലേക്ക് എത്തിയ നസ്രാണികളാണ് മൂശാരിയേട്ട് കുടുംബക്കാർ എന്നു കരുതേണ്ടിയിരിക്കുന്നു. ചെമ്പിൽ അവർ താമസിച്ചിരുന്നതും "നസ്രാണി" പുരയിടത്തിലായിരുന്നുവല്ലോ.

## കുറവിലങ്ങാട് പള്ളിയിലെ കടപ്പൂര് കരക്കാരുടെ കപ്പൽ പ്രദക്ഷിണവും മൂശാരിയേട്ട് കുടുംബവും

കുറവിലങ്ങാട്ട് മർത്തമറിയം ഫോറോനാപള്ളിയിലെ മൂന്നുനോമ്പ് തിരുനാളും അതിലെ കടപ്പൂര് നിവാസികളുടെ കപ്പൽ പ്രദക്ഷിണവും പ്രസിദ്ധമാണല്ലോ.

മൂന്ന് നോമ്പ് തിരുനാൾ ഒരു നിശ്ചിത തീയതിയിലല്ലാ ഓരോ വർഷവും ആഘോഷിക്കുന്നത്. മൂന്ന് നോമ്പാചരണം ഈസ്റ്ററുമായി ബന്ധപ്പെട്ടുകിടക്കുന്നു. 'സ്പ്രിംഗ് ഇക്വിനോക്സ്' എന്നു വിളിക്കപ്പെടുന്ന മാർച്ച് 21-ാം തീയതിക്കു ശേഷം വരുന്ന വെളുത്തവാവ് കഴിഞ്ഞുവരുന്ന ഞായറാഴ്ചയാണ് ഈസ്റ്റർ ആചരിക്കുന്നത്. ഈസ്റ്ററിന് 68 ദിവസം മുമ്പുള്ള ദിവസം കണക്കാക്കി അതിനു തൊട്ടു മുമ്പുള്ള തിങ്കളാഴ്ചയാണ് മൂന്ന് നോമ്പാചരിക്കുക. അതുകൊണ്ട് ഈ നോമ്പിനെ 'പതിനെട്ടാമിടം' എന്നുകൂടി വിളിക്കുന്നുണ്ട്. വലിയ നോമ്പിന് (50 നോമ്പ്) 18 ദിവസം മുമ്പ് മൂന്ന് നോമ്പ് തുടങ്ങുന്നതുകൊണ്ടാണ് ഇങ്ങനെ വിളിക്കുന്നത്.

പൗരസ്ത്യ സുറിയാനി സഭയിൽ യൗനാൻ പ്രവാചകനെ അനുസ്മരിക്കുന്ന ഒരു തിരുനാളാണ് മൂന്ന് നോമ്പ്. വിശുദ്ധ ഗ്രന്ഥത്തിലെ പഴയനിയമത്തിൽ പറയുന്നത്. നിനവെ എന്ന നഗരത്തിൽ ചെന്ന് അനുതാപത്തെക്കുറിച്ച് പ്രഘോഷിക്കാനുള്ള ദൈവീക വെളിപാടിലൂടെയുള്ള ആജ്ഞ അനുസരിക്കാതെ യൗനാൻ പ്രവാചകൻ താർസീസ് എന്ന നഗരത്തിലേക്ക് കപ്പൽ കയറിയെന്നും ഇതിനാൽ, ദൈവ കോപം മൂലം കടൽക്ഷോഭം ഉണ്ടാകുകയും അതിനുകാരണക്കാരനെ കണ്ടെത്താൻ കപ്പലിലുള്ളവർ നറുക്കിട്ട് നോക്കുകയുംചെയ്തു. യൗനാന്റെ പേരിൽ നറുക്കുവീണതോടെ അദ്ദേഹത്തെ കപ്പലിൽ നിന്നും കടലിലെറിഞ്ഞു.ഉടൻ തന്നെ കടൽ ശാന്തമായി. യൗനാനെ ഒരു തിമിംഗലം വിഴുങ്ങി. താൻ ദൈവിക വെളിപാട് അനുസരിക്കാതെ ഇരുന്നതിൽ അദ്ദേഹം അനുതപിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തതോടെ മൂന്നാം ദിവസം അദ്ദേഹത്തിന് മത്സ്യത്തിന്റെ ഉദരത്തിൽ നിന്ന് രക്ഷപെടുവാൻ സാധിക്കുകയും അതിനുശേഷം നിനവേ പട്ടണത്തിൽ എത്തി ദൈവഹിതം പ്രസംഗിക്കുവാൻ സാധിക്കുകയും ചെയ്തു. നിനവേക്കാർ അദ്ദേഹത്തെ കേട്ട് അനുതപിച്ച് ഉപവസിച്ച് ദൈവകോപത്തിൽ നിന്നും രക്ഷപെട്ടു. കപ്പൽ യാത്രക്കാരുടെ മദ്ധ്യസ്ഥനായ യൗനാൻ പ്രവാചകന്റെ ഈ കടൽ യാത്രയേയും രക്ഷപെടലിനേയും ഓർത്ത് അതുപോലെതന്നെയുള്ള മുസിരീസ് പട്ടണത്തിൽ നിന്നുള്ള തങ്ങളുടെ രക്ഷപെടലിന് ദൈവത്തിന് നന്ദി സൂചകമായി, കടപ്പൂർ ദേശക്കാർ അന്നത്തെ ഇടവകയായ കുറവിലങ്ങാട് പള്ളിയിലേക്ക് പണിയിച്ചു സമർപ്പിച്ചതാണ് ചരിത്രപ്രസിദ്ധമായ കുറവിലങ്ങാട് പള്ളിയിലെ കപ്പൽ. 7-ാം നൂറ്റാണ്ടിലെ മുസ്ലിം അധിനിവേശത്തോടെയാണ് കൊടുങ്ങല്ലൂരിനടുത്തുള്ള കടപ്പൂരിൽ നിന്നും വൈക്കത്തിനടുത്തുള്ള കുലശേഖരമംഗലം, ചെമ്പ് എന്നീ പ്രദേശങ്ങളിലേക്ക് നമ്മുടെ പിതാമഹന്മാർ കുടിയേറിയത്. 14-ാം നൂറ്റാണ്ടിലോ അവിടെ നിന്നും 18-ാം നൂറ്റാണ്ടിലോ ആണ് കുറവിലങ്ങടിനടുത്തുള്ള ഇന്നത്തെ കടപ്പൂര് പ്രദേശത്തേക്ക് അവർ എത്തിപ്പെട്ടത്.

മൂശാരിയേട്ട് കുടുംബം അന്നും ഇന്നും കടപ്പൂർ പ്രദേശത്തെ പ്രമുഖമായ കുടുംബമാണ്. ധാരാളം കൃഷിസ്ഥലങ്ങളും പണിക്കാരും കന്നുകാലികളും അവർക്കുണ്ടായിരുന്നു. വൈദ്യവൃത്തിയിലും അവർ പേരുകേട്ടിരുന്നു; നാട്ടുപ്രമാണിമാരും ആയിരുന്നു.

നസ്രാണിയായ തോമാശ്ലീഹാ കേരളത്തിലെത്തി സുവിശേഷം പ്രചരിപ്പിച്ചപ്പോൾ ആദ്യമായി ക്രിസ്തുമതം സ്വീകരിച്ചവർ പ്രവാസി ജൂതന്മാർ ആയിരുന്നു. അതുകൊണ്ടാണ് ആദ്യകാല ക്രിസ്ത്യാനികളെ നസ്രാണികൾ എന്നു വിളിച്ചിരുന്നത്. യഹൂദ പൈതൃകമുള്ളവർ മാത്രമാണ് നസ്രാണികൾ എന്നറിയപ്പെട്ടിരുന്നത്. (മാർത്തോമ്മാ നസ്രാണി മാസിക, ജനുവരി 2012 എഡിറ്റോറിയൽ) ചെമ്പ് പ്രദേശത്ത് നാം നസ്രാണിപുരയിടം എന്ന പ്രദേശത്താണ് താമസിച്ചിരുന്നതും പള്ളി പണിത് ദൈവാരാധന നടത്തുകയും ചെയ്തിരുന്നതും. അതിനാൽ കടപ്പൂർ പ്രദേശത്തെ ആദ്യ നസ്രാണികൾ മൂശാരിയേട്ട് കുടുംബക്കാർ തന്നെയെന്ന് നിസംശയം വെളിവാകും.

ശ്രീ വി.സി.ജോർജ്ജ് "കുറവിലങ്ങാട് മാർത്തമറിയം പള്ളിയും കേരള നസ്രാണികളും" എന്നപേരിൽ 1973 ൽ പ്രസിദ്ധീകരിച്ച ചരിത്ര ഗ്രന്ഥത്തിൽ കടപ്പൂര് ദേശക്കാരാണ് കുറവിലങ്ങാട് പള്ളിയിലെ പ്രദിക്ഷണവേളയിൽ കപ്പൽ സംവഹിക്കുന്നത് എന്നാണ് എല്ലായിടത്തും പ്രസ്താവിച്ചു കാണുന്നത്. അതുപോലെ തന്നെ "കുറവിലങ്ങാട് മർത്തമറിയം പള്ളിയും ക്രൈസ്തവ പാരമ്പര്യവും" (2009) എന്ന ഗ്രന്ഥത്തിൽ ഡോ. കുര്യാസ് കുമ്പളക്കുഴി എഴുതിയിട്ടുള്ള "മൂന്നുനോമ്പ് തിരുനാളും കപ്പൽ പ്രദക്ഷിണവും" എന്ന ലേഖനത്തിലും (PP 34)കടപ്പൂര് ദേശക്കാരാണ് കപ്പൽ വഹിക്കുക എന്നാണ് പ്രസ്താവന.

എന്നാൽ സമീപകാലത്ത് ഏതോ കുത്സിത ബുദ്ധികൾ ഫാ. ജോർജ്ജ് കുരുക്കൂർ എന്ന ഒരു ക്രൈസതവ ചരിത്രപണ്ഡിതനെ തെറ്റിദ്ധരിപ്പിച്ച് അദ്ദേഹത്തിന്റെ പേരിൽ പുറത്തിറക്കിയ "പുണ്യപുരാതനമായ കുറവിലങ്ങാട് പള്ളി" എന്ന കൈപ്പുസ്തകത്തിൽ ഇക്കാര്യത്തിൽ ചില അവാസ്തവ പ്രസ്താവനകൾ നടത്തിച്ചിട്ടുണ്ട്. കടപ്പൂര് ദേശക്കാരായ അഞ്ച് കുടുംബക്കാരാണ് കപ്പൽ വഹിക്കുകഎന്നും കറുത്തേടം, ചെമ്പൻകുളം, പുതുശേരി, മഞ്ചേരി, വലിയവീട് എന്നിവയാണ് ഈ അഞ്ച് കുടുംബങ്ങൾ എന്നും മറ്റുമാണ് അച്ചന്റെ കണ്ടെത്തൽ. ഈ ലേഖകൻ ഫാ. ജോർജ്ജ് കുരുക്കൂറിനെ ബന്ധപ്പെട്ടു സംസാരിച്ചപ്പോൾ ആ കൈപ്പുസ്തകം ഏതോ ഒരു സാബുജോർജ്ജ് എന്നയാളാണ് പ്രസിദ്ധീകരിച്ചതെന്നും അയാൾ കൊടുത്ത നോട്ടുകൾ അടിസ്ഥാനമാക്കിയാണ് ലേഖനം എഴുതിയതെന്നും കടപ്പൂരുള്ള മേൽപ്പറഞ്ഞ അഞ്ച് കുടുംബങ്ങൾ മാത്ര

മാണ് കപ്പൽ വഹിക്കുക എന്ന് തന്റെ ലേഖനത്തിൽ പ്രസ്താവിച്ച തിന് ആധികാരികമായ അടിസ്ഥാനങ്ങൾ ഒന്നും ഇല്ലായിരുന്നു എന്നും പറഞ്ഞു. ഇതിൽ നിന്നു തന്നെ കുരുക്കൂർ അച്ചനെ കരുവാക്കി നടത്തിയ ചില നീക്കങ്ങളും അതിന്റെ പൊള്ളത്തരങ്ങളും വെളിവായല്ലോ.

ഫാ. കുരുക്കൂർ കടപ്പൂരുകാരനോ വസ്തുതകൾ നേരിട്ടറിയാവുന്നയാളോ അല്ല. അച്ചന്റെ ലേഖനത്തിലെ "കറുത്തേടം, ചെമ്പൻകുളം, പുതുശേരി, മഞ്ചേരി, വലിയവീട്" എന്നീ അഞ്ച് കുടുംബങ്ങളിലെ പുതുശേരി, മഞ്ചേരി എന്നീ കുടുംബങ്ങളെക്കുറിച്ച് ഇവിടെആർക്കും കേട്ടുകേൾവിപോലും ഇല്ല. കറുത്തേടം, ചെമ്പൻകുളം, വലിയവീട്, എന്നീകുടുംബങ്ങളിലെ നാമമാത്രമായ ചില വീടുകൾ മാത്രമേ ഈ പ്രദേശത്തുള്ളൂ.

മാല്യങ്കര എന്നും പിന്നീട് മുസിരിക്കോട്ട് അഥവാ മുസിരീസ് എന്നും മറ്റും വിളിച്ചിരുന്ന ഇന്നത്തെ കൊടുങ്ങല്ലൂരിൽ എഡി 52 ൽ മാർത്തോമ്മാശ്ലീഹാ കടൽമാർഗ്ഗമെത്തിച്ചേർന്നു എന്നാണല്ലോ നമ്മുടെ വിശ്വാസം. ആ കൊടുങ്ങല്ലൂരിനടുത്ത് എറിയാട് - കടപ്പൂര് പ്രദേശത്തുനിന്നും വൈക്കത്തിനടുത്ത് ചെമ്പിലേക്കും പിന്നീട് കുറവിലങ്ങാട്ടേക്കും അതിനടുത്തപ്രദേശത്തേക്കും കുടിയേറിയ മാർത്തോമ്മാക്രിസ്ത്യാനികൾ എന്ന് അറിയപ്പെട്ടിരുന്ന നസ്രാണി കുടുംബങ്ങളിൽ കളിൽ പ്രമുഖരായിരുന്ന "മൂശാരിയേട്ട്" കുടുംബക്കാർ തങ്ങൾ കുടിയേറിയ പുതിയ സ്ഥലത്തേയും 'കടപ്പൂര്' എന്നുതന്നെവിളിച്ചു പോന്നു എന്ന് വിശദീകരിച്ചിട്ടുള്ളതാണല്ലോ. കൊടുങ്ങല്ലൂരിനടുത്തുള്ള 'കടപ്പൂര്' ഇപ്പോഴും ആ പേരിൽ തന്നെയാണ് അറിയപ്പെടുന്നതും. അങ്ങനെ കടലും കായലും കരയും താണ്ടിയെത്തി കടപ്പൂര് പ്രദേശത്ത് കുടിയേറിയ തങ്ങളെ ദൈവം സുരക്ഷിതമായി ഒരു പുതിയ പ്രദേശത്ത് എത്തിച്ച് സംരക്ഷിച്ച് വളർത്തിയതിന്റെ നന്ദിസൂചകമായി കടപ്പൂരിലെ നസ്രാണികൾ പണികഴിച്ച് മാതാവിന് കാഴ്ച അർപ്പിച്ച കപ്പലാണ് ഇന്ന് മൂന്ന് നോമ്പ് പ്രദക്ഷിണത്തിൽ കടപ്പൂരുകാർ സംവഹിക്കുന്നത്. അതിനു നേതൃത്വം വഹിച്ചതോ അന്നത്തെ ഇവിടുത്തെ പ്രമുഖ നസ്രാണി കുടുംബമായ മൂശാരിയേട്ടും. യഥാർത്ഥ വസ്തുതകൾ ഇപ്രകാരമായിരിക്കെ കുരുക്കൂറച്ചനെപ്പോലുള്ള ചിലരുടെ പേരുവച്ച് യഥാർത്ഥ്യം വളച്ചൊടിച്ച് ലേഖനം എഴുതിച്ചും കുറവിലങ്ങാട് പള്ളിയിലെ ചില വൈദികരെ തെറ്റിദ്ധരിപ്പിച്ചും കടപ്പൂരുള്ള 5 വീട്ടുകാ

രാണ് പ്രദക്ഷിണത്തിൽ കപ്പൽ സംവഹിക്കുക എന്നും മറ്റുമുള്ള പൊള്ളയായ അവകാശവാദങ്ങൾ കടപ്പൂര് നിവാസികൾക്ക് വേണ്ടി തക്കസമയത്ത് തന്നെ മൂശാരിയേട്ടു കുടുംബയോഗം കുറവിലങ്ങാട് ഫോറോനാ പള്ളിയിലേ വികാരിയച്ചനേ കണ്ട് ഒറ്റക്കെട്ടായി പ്രതിരോധിച്ചു.

20-ാം നൂറ്റാണ്ടിനുമുമ്പുള്ള കാലഘട്ടത്തിൽ കൃഷിയായിരുന്നു പ്രധാനതൊഴിൽ. അന്ന് വിദ്യാഭ്യാസസൗകര്യങ്ങളും മറ്റു തൊഴിൽ ലഭ്യതകളും തുലോം കുറവായിരുന്നു. രാജകുടുംബങ്ങളിലോ മാടമ്പികുടുംബങ്ങളിലോ മാത്രം അക്ഷരജ്ഞാനം ഒതുങ്ങിനിന്നിരുന്നു. അച്ചടിവിദ്യയും പ്രചരിച്ചിരുന്നില്ല. ആ കാലത്ത് വിശദമായ കുടുംബചരിത്രങ്ങൾ എഴുതി സൂക്ഷിക്കുക അചിന്ത്യമായിരുന്നു. അതിനാലാണ് നാലോ അഞ്ചോ തലമുറകൾക്കുമുമ്പുള്ള കുടുംബചരിത്രങ്ങൾ എങ്ങും ലഭ്യമല്ലാത്തത്.

മൂശാരിയേട്ട്, എളൂകാലായിൽ, വലിയപറമ്പിൽ, കിഴക്കേതൊട്ടിയിൽ, മുതുകാട്ടിൽ എന്നിങ്ങനെ അഞ്ച് ശാഖകളായി ഇന്ത്യയിലും വിദേശങ്ങളിലുമായി ഏറെ അംഗബലമുള്ള ഒരു കുടുംബമായി ഇന്ന് മൂശാരിയേട്ട് കുടുംബം വളർന്ന് പന്തലിച്ചിരിക്കുന്നു. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ അവരവരുടേതായ മേഖലകളിൽ നമ്മുടെ കുടുംബാഗങ്ങൾ സ്തുത്യർഹമായ സേവനമാണ് നടത്തിവരുന്നത്.

പഴയ ജീവിത ക്രമങ്ങൾ പുതിയ ചടുല ജീവിതശൈലികൾക്ക് വഴിമാറിയതോടെ നമ്മുടെ പുതിയ തലമുറകൾക്ക് ഊഷ്മളമായ കുടുംബബന്ധങ്ങൾ അന്യമായിക്കൊണ്ടിരിക്കുകയാണ്. ശാസ്ത്രമോ സാങ്കേതികവിദ്യകളോ എത്രമാത്രം വളർന്നാലും മനുഷ്യൻ അടിസ്ഥാനപരമായി എന്നും ദേഹ ദേഹികളുള്ള മനുഷ്യൻ തന്നെയാണ്. ജീവിതകാലത്ത് സ്നേഹിക്കാനും സ്നേഹിപ്പെടാനും അതിനുശേഷം ജീവിച്ചിരിക്കുന്നവരുടെ ഓർമ്മകളിൽ നിലനിൽക്കാനുമുള്ള അഭിവാഞ്ഛ മനുഷ്യന് മാത്രമുള്ളതാണ്. അങ്ങനെ നോക്കുമ്പോൾ ഈ കുടുംബചരിത്രപുസ്തക പ്രകാശനത്തിലൂടെ, നാം നമ്മുടെയും നമ്മോട് ഏറ്റവും അടുത്ത് ബന്ധപ്പെട്ടിരിക്കുന്നവരുടെയും ആ അഭിലാഷത്തിന്റെ പൂർത്തീകരണമാണ് സാധിക്കുന്നത്.

ഈ ഗ്രന്ഥം എഴുതി പൂർത്തിയാക്കുന്നതിന് രൂപവത്കരിച്ച എഡിറ്റോറിയൽ ബോർഡിൽ എല്ലാ ശാഖകളിൽ നിന്നുമുള്ള അംഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കിയിരുന്നു. വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത് 2015 ജൂലൈ മാസം 1-ാം തീയതിയിലെ നിലയിലാണ്. കുടുംബാംഗങ്ങളുടെ ഫോട്ടോകൾ 2015 ജൂൺ 30-ാം തീയതി വരെ കിട്ടിയതും ചേർത്തിട്ടുണ്ട്.

വേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും തന്നിരുന്ന കുടുംബാംഗങ്ങളായ വൈദികർക്കും പ്രത്യേകിച്ച് കുടുംബയോഗം രക്ഷാധികാരിയായ ഫാ. ജോസ് മൂശാരിയേട്ടിനും (ജർമ്മനി) ഇതിന്റെ പ്രസിദ്ധീകരണത്തിന് ആവശ്യമായ ഫണ്ട് തന്ന് സഹായിച്ച എല്ലാവർക്കും, തങ്ങളുടെ പ്രാർത്ഥനകളിൽ ദൈവസമക്ഷം ഈ കൂട്ടായ്മയേയും സമർപ്പിച്ചിരുന്ന നമ്മുടെ കുടുംബത്തിലെ എല്ലാ കന്യാസ്ത്രീകൾക്കും വിശിഷ്യ ഈ സംരംഭത്തിനായി രാപകലില്ലാതെ അദ്ധ്വാനിച്ച എഡിറ്റോറിയൽ ബോർഡിലെ ഓരോ അംഗത്തിനും നന്ദി പറയുന്നു.

നമ്മുടെ കുടുംബ ചരിത്രത്തിന്റെ ഈ പുനഃപ്രസിദ്ധീകരണം വഴി നമ്മുടെ കുടുംബകൂട്ടായ്മ കുടുതൽ കെട്ടുറപ്പോടെ വരുംകാലങ്ങളിലും നിലനിർത്താൻ പരമകാരുണികനായ ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്

എഡിറ്റോറിയൽ ബോർഡിനുവേണ്ടി,

**ഡോ. ബാബു ജോസഫ് കിഴക്കേതൊട്ടിയിൽ**

ചീഫ് എഡിറ്റർ

കടപ്പൂർ,

15.08.2015.